കേരള സർക്കാർ

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി6)1406/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 27.07.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.6)1406/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 27.07.2017

# എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2016 മുതൽ 30.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്‌ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 03.07.2017മുതൽ 11.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ |
| | ജോമോൾ എം.ജോണി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷീല വി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോഷി തോമസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ജലജ മോഹനൻ | 01.4.16 | 31.03.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ബിബിൻ ജോസഫ് | 01.4.2016 | 05.08.16 FN |
| | സുജിത് കരുൺ | 05.08.16 AN | 31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ബിനു വർഗീസ് | 01.4.2016 | 31.03.2017 |
| കൃഷി ഓഫീസർ | സതീഷ് കുമാർ എം.ഡി. | 01.4.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ,എസ്.ജി.ഡി | പ്രദീപ് പി. | 01.4.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, സി,എച്ച്,സി | ഡോ. വിപിൻ മോഹൻ | 01.4.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.എ.കെ.റാണി | 01.4.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | എം.മനോജ്കുമാർ | 01.4.2016 | 31.07.16 |
| | ജയ. കെ.ആർ | 01.08.16 | 31.03.2017 |
| വെറ്റിനറി സർജൻ | ഡോ. സലിം കെ. മണിക് ഫാൻ | 01.4.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആമ്പല്ലൂർ | രാജി കെ.ആർ. | 01.4.2016 | 09.09.16 |
| | രാജേഷ് കുമാർ | 13.02.17 | 31.03.17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുലയറ്റിക്കര | സിബിൻ ഇ.പി. | 29.06.16 | 31.03.17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശുഭ കെ. നായർ | 01.4.2016 | 31.03.2017 |
| ഹെഡ്മിസ്ട്രസ്, എൽ.പി.എസ്, കാഞ്ഞിരമറ്റം | കെ.ഖദീജ | 01.4.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| | ഭാഗം – 2 | |
| 13 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി - ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം – 3 | |
| 14 | അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം – പഞ്ചായത്തിന്റെ സ്വന്തമല്ലാത്ത സ്ഥലത്ത് നിർമിച്ചു. | 3-1 |
| 15 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് – ചെലവുരേഖകൾ ഹാജരാക്കിയില്ല | 3-2 |
| 16 | ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ - മരുന്നു ലഭ്യമായില്ല | 3-3 |
| 17 | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ – മരുന്നുകൾ ലഭിച്ചിട്ടില്ല | 3-4 |
| 18 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് – ചെലവുരേഖകൾ ഹാജരാക്കിയില്ല | 3-5 |
| 19 | അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 3-6 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ പൊതു അവലോകനം | 3-7 |
| 21 | അങ്കണവാടികൾ നടത്തിപ്പിലെ അപാകതകൾ | 3-8 |
| 22 | ഭൂമി കൈയ്യേറ്റം. | 3-9 |
| 23 | വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റു രസീതുകൾ എന്നിവ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-10 |
| 24 | എം.എൻ.ആർ.ഇ.ജി.എസ്. - അപാകതകൾ | 3-11 |
| | ഭാഗം – 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം-1 |
| 34 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം-2 |
| 35 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം-3 |
| 36 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17 | അനുബന്ധം-4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 25.2.2016ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളുടേയും യഥാർത്ഥ വരവു-ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 10,07,24,200 | 10,52,45,600 |
| വാർഷിക കണക്കുകൾ പ്രകാരം | 5,16,68,042 | 4,79,66,503 |
| വ്യത്യാസം | 4,90,56,158 | 5,72,79,097 |

ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളും യഥാർത്ഥ വരവു-ചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2016 | 28.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ

## വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ചു. അപാകതകളൊന്നും ശ്രദ്ധയിൽ പെട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 80,47,706 |
| വരവ് | 5,16,68,042 |
| ആകെ | 5,97,15,748 |
| ചെലവ് | 4,79,66,503 |
| നീക്കിയിരിപ്പ് | 1,17,49,245 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 87,87,916 | 87,87,916 | 87,87,916 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 36,75,069 | 36,75,069 | 36,75,069 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 71,33,806 | 71,33,806 | 71,33,806 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 24,28,071 | 24,28,071 | 24,28,071 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 46,89,853 | 46,89,853 | 46,89,853 | 0 |
| ലോക ബാങ്ക് സഹായം | 0 | 22,53,888 | 22,53,888 | 22,53,888 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 4,55,89,401 | 122 | 3,20,87,787 | 1 | 17 | 87.14% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 37 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 42,61,269 | 57,67,447 | 15,06,178 | 35.35 |
| നികുതിയേതര വരവുകൾ | 11,84,716 | 15,69,077 | 3,84,361 | 32.44 |
| മറ്റുവരവുകൾ + പലിശ | 28,008 | 1,63,483 | 1,35,475 | 483.70 |
| ആകെ | 54,73,993 | 75,00,007 | 20,26,014 | 37.01 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,18,400 | 133 |
| കർഷകതൊഴിലാളി പെൻഷൻ | 76,37,090 | 783 |
| വിധവാപെൻ ഷൻ | 94,09,910 | 850 |
| വാർദ്ധക്യകാല പെൻഷൻ | 1,36,09,165 | 106 |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 23,87,375 | 240 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 4,23,260 | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2017ൽ 3PMന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 9,989/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബിംസ് മുഖേന ലഭിക്കുന്ന തുകകൾ രസീത് നൽകി പഞ്ചായത്തിന്റെ വരവിൽ ഉൾപ്പെടുത്തുന്നില്ല. മറ്റ് സ്ഥാപനങ്ങളിലേക്ക് തുക കൈമാറുമ്പോൾ പ്രസ്തുത സ്ഥാപനത്തിന്റെ ഔദ്യോഗിക കൈപ്പറ്റരസീത് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള വിട്ടുകിട്ടിയ സ്ഥലങ്ങളുടെ റിലിങ്ക്വിഷ്മെന്റ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിലും ഉടമസ്ഥാവകാശം ലഭ്യമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.06.2017 | 05/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.07.2008 | 1997-98മുതൽ 2007-08 വരെ | 29.08.2008 |

## 1-12 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി 1 നൽകിയതിന്മേൽ തൊഴിൽനികുതി ഇനത്തിൽ 04.07.2017-ലെ 117020101651 രസീത് പ്രകാരം 1000/- രൂപയും ഓഡിറ്റ് എൻക്വയറി 2 നൽകിയതിന്മേൽ ഡി&ഒ ലൈസൻസ് ഫീസിനത്തിൽ 3000/-രൂപ തിരികെ ഈടാക്കി.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | ക്ഷീരോൽപ്പാദന സഹകരണസംഘം, കാഞ്ഞിരമറ്റം. | 2 | ഒന്നാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 2 | സെൻ്റ് മേരീസ് ക്ലിനിക്, കാഞ്ഞിരമറ്റം | 2 | രണ്ടാം അർദ്ധവർഷം |

സ്ഥാപനതൊഴിൽ നികുതി

| ക്രമ നം | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | സൗത്ത് ഇന്ത്യൻ ബാങ്ക്, അരയൻകാവ് | ഒന്നാം അർദ്ധവർഷം |
| 2 | കീച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | പീപ്പിൾസ് അർബൻ കോപ്പറേറ്റീവ് ബാങ്ക് | |
| 4 | ആമ്പല്ലൂർ ജനത സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | |
| 5 | കീച്ചേരി കോപ്പറേറ്റീവ് ബാങ്ക്,കീച്ചേരി | |
| 6 | ആമ്പല്ലൂർ കോപ്പറേറ്റീവ് ബാങ്ക്, അരയൻകാവ് | |
| 7 | അരയൻകാവ് മോണിംഗ് &ഈവനിംഗ് ബ്രാഞ്ച് | |
| 8 | ആമ്പല്ലൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കാഞ്ഞിരമറ്റം ശാഖ | |
| 9 | ക്ഷീരോൽപ്പാദനസഹകരണസംഘങ്ങളായ അരയൻകാവ്, ആമ്പല്ലൂർ | |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനത്തൊഴിൽ നികുതിയും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം - പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലം - ഉടമസ്ഥാവകാശം ലഭ്യമാക്കിയിട്ടില്ല.

എ.ഇ. നിർവഹണ ഉദ്യോഗസ്ഥനായി 2016-17 കാലയളവിൽ പഞ്ചായത്തിനു കീഴിലെ മൂന്ന് അംഗനവാടികളുടെ കെട്ടിട നിർമാണം നടത്തിയിട്ടുണ്ട്. മൂന്ന് പ്രൊജക്ടിലും കെട്ടിടം നിർമിച്ചിരിക്കുന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ ഉടമസ്ഥതയിലല്ലാത്ത ഭൂമിയിലാണ്. മൂന്ന് അംഗനവാടികൾക്കും സ്വകാര്യവ്യക്തികൾ ഭൂമി വിട്ടു കൊടുത്തിട്ടുള്ളതാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | സ്ഥലം വിട്ടു കൊടുത്ത വ്യക്തി | വിട്ടു കൊടുത്ത സ്ഥലത്തിന്റെ വിവരങ്ങൾ | ചെലവ് ,ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|
| S0177/16 | കീച്ചേരി അങ്കണ വാടിക്ക് | 888000 (ലോക ബാങ്ക് | എം.പി. ഫ്രാൻസിസ്, മോനപ്പിള്ളിൽ, | സർവേ നം. 122/14, 3 സെൻ്റ് | 190000, ബിൽ നം. 8/2016-17 |

| | | | | | |
|---|---|---|---|---|---|
| | കെട്ടിട നിർമാണം | സഹായം-190000/-, തനത് ഫണ്ട്-10000, നബാർഡ്-688000) | കുലയറ്റിക്കര പി.ഒ കീച്ചേരി, എറണാകുളം | | തീയതി-31.12.16 |
| S0176/16 | ആക്കാപ്പനം അങ്കണ വാടിക്ക് കെട്ടിട നിർമാണം | 888000 (ലോക ബാങ്ക് സഹായം-190000/-, തനത് ഫണ്ട്-10000, നബാർഡ്-688000) | സുധീർ എ.കെ. , അമ്പാടംപടവിൽ ആമ്പല്ലൂർ പി.ഒ. കാഞ്ഞിരമറ്റം | സർവേ നം. 81/2 (പുരയിടം), 3 സെന്റ് | 190000, ബിൽ നം. 10/2016-17 തീയതി-20.2.17 |
| S0116/17 | ചാലക്കപ്പാറ അങ്കണ വാടിക്ക് കെട്ടിട നിർമാണം | 888000 (ലോക ബാങ്ക് സഹായം-190000/-, തനത് ഫണ്ട്-10000, നബാർഡ്-688000) | റോയി കത്തനാർ വെട്ടിക്കൽ കുലയറ്റിക്കര പി.ഒ | സർവേ നം.-75/3 (പുരയിടം), 2 സെന്റ്, | 190000, ബിൽ നം. 15/2016-17 തീയതി-4.3.17 |
| | | | | ആകെ | 570000 |

നബാർഡ്-ആർ.എഫ്.ഐ.ഡി. പദ്ധതി പ്രകാരം സംസ്ഥാനത്താകെയായി 506 അങ്കണവാടി കെട്ടിടങ്ങൾ നിർമിക്കുന്ന പദ്ധതി പ്രകാരമാണ് ഈ പ്രൊജക്ട് തയ്യാറാക്കിയത്. നിർമ്മിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾക്ക് സ്വന്തമായി ഭൂമിയുണ്ടെന്ന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ ഉറപ്പാക്കേണ്ടതാണെന്ന് പ്രസ്തുത പദ്ധതിയുടെ പ്രവർത്തന മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ് (സാമൂഹിക നീതി ഡയറക്ടറുടെ ഉത്തരവ് നമ്പർ ICDS.A7-20270/14 dt. 13.8.2015). മൂന്നു വ്യക്തികളും സൗജന്യമായി ഭൂമി വിട്ട് നൽകുന്നതിന് ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം നൽകിയിട്ടുണ്ട്. ഭൂമി റവന്യൂ രേഖകളിൽ പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായാണ് മറുപടിയായി പറഞ്ഞിരിക്കുന്നത്. പഞ്ചായത്തിലേക്ക് വിട്ടു നൽകിയിട്ടുള്ള സ്ഥലം എത്രയും പെട്ടെന്ന് പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-2 ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് - ചെലവുരേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നമ്പർ | എസ് 0141/17 |
| അടങ്കൽ | 6,50,000/-(വികസനഫണ്ട്-ജനറൽ) 1,45,200 (ബ്ലോക്ക് പഞ്ചായത്ത്) |

| | |
|---|---|
| ചെലവ് - | 6,50,000/-(വികസനഫണ്ട്-ജനറൽ) (ബിൽ നം.1/2016-17/23.3.17) 1,00,000/-(ബ്ലോക്ക് പഞ്ചായത്ത്) (ചെക്ക്നം.1)324021/28.3.2017-59750, (ചെക്ക്നം.2)324023/28.3.17-19457, (ചെക്ക്നം.3)324025/28.3.17-20793 |

ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് എന്ന പ്രോജക്ട് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേക്ക് 6,50,000/- രൂപ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള ക്ഷീരകർഷക സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.മേൽ സൂചിപ്പിച്ച അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 14 തി.7.07.17) മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ചെലവു തുകയായ 750000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ - മരുന്നു ലഭ്യമായില്ല

പ്രോജക്റ്റ് നം. -എസ്0085/17(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)
അടങ്കൽ - 2,50.000/-
നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

2016-17 സാമ്പത്തികവർഷത്തിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിക്ക് (Bill No.2/16-17/ dt.23.11.16) 2,50,000/- രൂപ ഡി.ഡി.നം. 362668 / 24.12.2016 ൽ ഹോംകോ, പാതിരാപ്പള്ളിക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വഷണത്തിന് (നം. 3 തീയതി 6/72017) മരുന്നുകൾ ലഭ്യമാക്കുമെന്നാണ് പ്രതീക്ഷയെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കാതിരുന്നതിനാൽ ചെലവുതുകയായ 2,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(സി.എച്ച്.സി കീച്ചേരി)

പ്രോജക്ട് നമ്പർ – എസ്0091/17
അടങ്കൽ – 500000(വികസന ഫണ്ട്) 24000(ധനകാര്യ കമ്മീഷൻ അവാർഡ്)

പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ലേക്ക് 80,000/-രൂപ (ബിൽ നം.5/17.3.17) നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയിൽ മരുന്നുകൾ ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കാതിരുന്നതിനാൽ ചെലവു തുകയായ 80,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് - ചെലവുരേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ.(കുലയിറ്റിക്കര)
പ്രോജക്ട് നമ്പർ – എസ്0160/17
അടങ്കൽ – 280000(വികസന ഫണ്ട്-ജനറൽ)
ചെലവ് വിവരം - 280000 (ബിൽ നം.19/16-17/31.3.17-₹.2,70,000/-
ബിൽ നം.22/16-17/31.3.17-₹.10,000/-).

ഈ പ്രോജക്ട് പ്രകാരം 28 കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 10000/-രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. വായ്പാബന്ധിത പ്രോജക്ടുകൾക്കു മാത്രമേ സബ്സിഡി അനുവദിക്കുവാൻ പാടുള്ളൂ എന്ന് സബ്സിഡി മാർഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ കുടുംബശ്രീയൂണിറ്റുകൾക്ക് വായ്പ ലഭ്യമായതിന്റെ വിവരങ്ങൾ, കുടുംബശ്രീയൂണിറ്റുകൾ സ്വയംതൊഴിൽസംരംഭങ്ങൾ ആരംഭിച്ചതിന്റെ രേഖകൾ എന്നിവ രണ്ട് കുടുംബശ്രീ യൂണിറ്റുകൾ ഒഴികെയുള്ളവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7) ലഭ്യമാക്കിയ മറുപടിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്.നാളിതുവരെ സ്വയംതൊഴിൽസംരംഭങ്ങൾ ആരംഭിക്കാത്തതിനാൽ ചെലവുതുകയായ 260000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നിർവഹിച്ച അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്ട് നമ്പർ-S0161)എന്ന പ്രവൃത്തിയ്ക്കു വേണ്ടി 5.03.2017 തീയതിയിൽ ഓപ്പൺ ടെണ്ടർ ക്ഷണിച്ചിരുന്നു. വിവിധ അങ്കണവാടികൾക്കു വേണ്ടി "അപ്പു സ്ലൈഡർ" (size-66x35x44) എന്ന കളി ഉപകരണം വാങ്ങാനാണ് പദ്ധതി തയ്യാറാക്കിയത്. വർഷാവസാനത്തിൽ തിരക്കു പിടിച്ച് നിർവഹണം നടത്തിയ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | അങ്കണവാടിക്ക് കളിയുപകരണങ്ങൾ സ്ഥാപിക്കൽ പ്രൊജക്ട് നം.- S0161 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ തുക | 150840 |
| കരാർ ലഭിച്ച കമ്പനി | വീകോ ട്രേഡിംഗ്, 15/355 അരിമ്പൂർ, തൃശ്ശൂർ |
| ചെലവ് | 59290/-(ബിൽ നം.-016/16-17 തീയതി-30.3.2017),<br>91224/-(ബിൽ നം.017/16-17 തീയതി-30.3.2017) |

1. ടെണ്ടർ നോട്ടീസ് കൃത്യത പുലർത്തുന്നതായിരുന്നില്ല. എത്ര സ്ലൈഡറുകൾ വേണമെന്നോ എത്ര കാലയളവിനുള്ളിൽ ലഭ്യമാക്കണമെന്നോ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനെ പറ്റിയോ വ്യക്തമാക്കിയില്ല.
2. കരാർ നൽകിയ വീകോ ട്രേഡേഴ്സുമായി വെച്ച എഗ്രിമെന്റിൽ ഉപകരണങ്ങൾ

സ്ഥാപിക്കുന്നതിനെ പറ്റിയോ നൽകേണ്ട കാലയളവിനെ പറ്റിയോ മറ്റു സേവനങ്ങളെ പറ്റിയോ വ്യക്തമാക്കിയില്ല.
3. 30.3.2017 ൽ പ്രസ്തുത സ്ഥാപനത്തിന് പണം അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് എൻക്വയറിയെ തുടർന്നാണ് ഉപകരണങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചത്. സവിശേഷ സാഹചര്യങ്ങളിലല്ലാതെ സാധനങ്ങൾ സപ്ലൈ ചെയ്തു സ്ഥാപിച്ചതിനു ശേഷം മാത്രമേ പണം നൽകാവൂ എന്ന വ്യവസ്ഥ ലംഘിച്ചു.
4. ടെണ്ടർ നോട്ടീസിൽ ഉപകരണങ്ങൾക്ക് 3 വർഷത്തെ വാറന്റി വ്യവസ്ഥ ചെയ്തിരുന്നെങ്കിലും കരാർ ഏറ്റെടുത്ത കമ്പനി വാറന്റി സംബന്ധമായ യാതൊരു രേഖയും നൽകിയിട്ടില്ല.

പദ്ധതികൾക്കായി ടെണ്ടർ ക്ഷണിക്കുമ്പോൾ പ്രൊക്യുർമെന്റ് മാന്വൽ പൂർണമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാറന്റി സംബന്ധിച്ച വ്യവസ്ഥ കമ്പനിയിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

# 3-7 പൊതുമരാമത്ത് പ്രവൃത്തികൾ - നിരീക്ഷണങ്ങൾ.

1. എ.ഇ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രവൃത്തികളിൽ 80 ശതമാനത്തിലധികം പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്.

2. എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. നികുതിയിനത്തിൽ ബില്ലിൽ നിന്നും ഈടാക്കുന്ന തുകകളുടെ ചെല്ലാൻ പകർപ്പ്, തുക അടവാക്കുന്നതിന്റെ വിശദാംശങ്ങൾ എന്നിവ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

കരാറുകാർ മുഖേനയുള്ള പ്രവൃത്തികളാണ് കൂടുതലും നടപ്പിലാക്കിയിരിക്കുന്നത്. കരാർ പ്രവർത്തികൾക്കായി ക്ഷണിച്ച വളരെയധികം പ്രൊജക്ടുകൾക്ക് 2 ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് നിരക്കിലോ 0.01% ടെണ്ടർ കുറവിലോ ആണ് എല്ലാ ടെണ്ടറുകളും അംഗീകരിക്കപ്പെട്ടത്. (ഉദാഹരണമായി 25.02.2017ൽ 13 പ്രവൃത്തികൾക്കായി ക്ഷണിച്ച ടെണ്ടറുകൾ എല്ലാം എസ്റ്റിമേറ്റ് നിരക്കിലോ 0.01% കുറവിലോ ആണ് അംഗീകരിച്ചത്). കരാറുകാർ തമ്മിലുള്ള ധാരണ പലപ്പോഴും ഉണ്ടാകുന്നുണ്ടെന്നു വ്യക്തമാണ്. ഇത് പ്രവൃത്തികളുടെ നിലവാരത്തെയും പ്രതികൂലമായി ബാധിച്ചേക്കാം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ മാർഗ്ഗനിർദേശങ്ങളിൽ [ജി.ഒ.(എം.എസ്) നം. 72/2017/തസ്വഭവ തീ. 29.03.2017] കരാറുകാർ മുഖേനയുള്ള എല്ലാ പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.05.2017ലെ യോഗത്തിലെ തീരുമാനപ്രകാരം, 50,000/- രൂപയിൽ താഴെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുകയോ ടെണ്ടർ/ഇ-ടെണ്ടർ രീതി അവലംബിക്കുകയോ ചെയ്യാം, 50,000/- മുതൽ 5ലക്ഷം രൂപയ്ക്കു താഴെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ നടപ്പാക്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുള്ളതാണ്. കൂടുതൽ പദ്ധതികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചാൽ കൂടുതൽ കരാറുകാരെ ആകർഷിക്കുവാനും മെച്ചപ്പെട്ട പദ്ധതി നിർവഹണം സാധ്യമാക്കാനും കഴിയും. ആയതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-8 അങ്കണവാടികൾ നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്തിനു കീഴിൽ 28 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും വൈദ്യുത സൗകര്യങ്ങളും പൈപ്പ് സൗകര്യവും ഉണ്ട്. ഇരുപതെണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. മൂന്നെണ്ണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ട്. എട്ട് അങ്കണവാടികൾ പഴയ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പലതും ജീർണിച്ച അവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. ഓഡിറ്റ് വർഷത്തിൽ രണ്ട്

അംഗനവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെയാണ് പ്രവർത്തിച്ചത്. പല വ്യക്തികളും അംഗനവാടികൾക്കായി സ്ഥലം വിട്ടു കൊടുക്കാൻ സന്നദ്ധത അറിയിക്കുകയോ വിട്ടു കൊടുക്കുകയോ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വിട്ടു കിട്ടുന്ന സ്ഥലം കാലതാമസം വരുത്താതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഭൂമി കൈയ്യേറ്റം.

2016-17ലെ മിനിറ്റ്സിൽ താഴെപ്പറയും പ്രകാരം ഭൂമി കൈയ്യേറ്റം സംബന്ധിച്ച പരാമർശം കണ്ടു. അവ :-

(എ) 22.12.2016ലെ 10 ാം നം തീരുമാനം

ആമ്പല്ലൂർ വില്ലേജ് റീസർവ്വേ 606/17 -ൽ പെട്ട പുറമ്പോക്ക് ഭൂമി പതിച്ച് നല്കുന്നതിനായി ശ്രീ ജോൺസൻ കുന്നേൽ സമർപ്പിച്ച അപേക്ഷ.

(ബി) 10.6 16 ലെ 15ാം തീരുമാനം

ആമ്പല്ലൂർ വില്ലേജ് റീസർവ്വേ ബ്ലോക്ക്22 ൽ 303/16 -ൽ പെട്ട പുരയിടത്തിൽ ശ്രീമതി അമ്മുക്കുട്ടിയമ്മ കച്ചേരിൽ, സജി, ഗൗരി നിവാസ് എന്നിവർ നടത്തിയ കൈയ്യേറ്റ ശ്രമം.

ഭൂമി കൈയ്യേറ്റം സംബന്ധിച്ച പരാമശങ്ങളിൽമേൽ നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീതുകൾ എന്നിവ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീതുകൾ എന്നിവ ഹാജരാക്കാത്തതിനാൽ 1473500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു :-

| ക്രമ നം | പ്രോജക്ട് നം. | നിർവ്വഹണം | ചെലവഴിച്ച തുക | ചെക് നം/ബിൽ നം , തീയതി |
|---|---|---|---|---|
| 1. | 131/16-17പൊതു ശ്മശാനം | സെക്രട്ടറി | 7,50,000 | 1524050തീ:18.3.17 |
| 2. | 138/16-17കോരിനിരപ്പത്ത് പൈപ്പ് ലൈൻ | സെക്രട്ടറി | 1,35,000 | 33/16-17തീ:15.3.17 |
| 3. | 139/16-17പാർപ്പാകോഡ് പൈപ്പ് ലൈൻ | സെക്രട്ടറി | 90,000 | 27/16-17തീ:22.2.17 |
| 4. | 163/16-17പൊറ്റിനാം കുന്ന് പൈപ്പ് ലൈൻ | സെക്രട്ടറി | 49,000<br>49,500 | 35/16-17തീ:21.3.17<br>36/16-17തീ:22.3.17 |
| 5 | 95/17 SSA | HM ,GLPS കാഞ്ഞിരമറ്റം | 4,00,000 | 362870തീ:/21.12.16 |
| | | ആകെ | 14,73,500 | |

## 3-11 എം.എൻ.ആർ.ഇ.ജി.എസ്. - അപാകതകൾ

2016-17 സാമ്പത്തികവർഷത്തെ എം.എൻ.ആർ.ഇ.ജി.എസ്. വരവ് വാർഷിക ധനകാര്യപത്രികയിൽ 1,58,56,016/- രൂപയും ഓഡിറ്റിന് ഹാജരാക്കിയ ഇ.എഫ്.എം.എസ്. പത്രിക കണക്കുകൾ പ്രകാരം വരവ് 1,61,38,076/- രൂപയുമാണ്. ഈ വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | SO141/17 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 |
| | | 150000 | SO79/17 ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 150000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 271163 | SO 98/17 നെൽകൃഷി വികസന പരിപാടി | 271163 |
| | | 150000 | SO79/17 ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 150000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്, വിവരങ്ങൾ താഴെ കൊടുക്കുന്നു:-

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാപ്പാകോട് വൃശ്ചികക്കുന്ന് റോഡ് പൈപ്പ് ലൈൻ (പ്രൊജക്ട് നം.139/16-17) | 90,000 | 27/16-17 തീ.15.03.17 |
| കേരള വാട്ടർ അതോറിറ്റി | കോരി നിരപ്പത്ത് പൈപ്പ് ലൈൻ (പ്രൊജക്ട് നം.138/16-17) | 1,35,000 | 33/16-17 തീ.15.03.17 |

| | | | |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊറ്റിനാംകുന്ന് പാലകുന്ന് മല പൈപ്പ് ലൈൻ (പ്രൊജക്ട് നം.163/16-17) | 98,500 | 35/16-17 തീ.21.03.17 തുക – 49,000/- 36/16-17 തീ.22.03.17 തുക – 49,500/- |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | 530/2010 18.02.2010 | 20,82,939 | 6,14,640 | -- | 14,68,299 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10,09,531 |
| തൻവർഷം നിക്ഷേപിച്ച തുക | 96,866 |
| ആകെ | 11,06,397 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11,06,397 |

2016 -17 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 4,47,229 |
| കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 3,17,588 |

| | |
|---|---|
| എറണാകുളം ജില്ലാ സഹകരണ ബാങ്ക്, മുളന്തുരുത്തി | 3,41,580 |
| ആകെ | 11,06,397 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ രജിസ്റ്റർ പ്രകാരം 33,165/- രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2010-11, 2011-12 | 2-1 | 5000+ 2481(പലിശ) | അബ്ദുൾ കരിം, ഗ്രാന്റ് ഓഡിറ്റോറിയം | 11602400004,05,06,07/ 13.4.16 |
| | 2-1 | 1250+ 575(പലിശ) | മുരുകൻ ഹരിതാ ഫിനാൻസ് | 11602400012/ 26.7.16 |
| 2013-14, 2014-15 | 2-5 | 150 | മുത്തൂറ്റ് ഫിനാൻസ് | 11602100023/ 2.4.16 |
| | 3-1 | 20152 | പി.എൻ. സുരേന്ദ്രൻ, ഫുൾ ടൈം സ്വീപ്പർ | 11602101552/ 29.6.16 |
| | 3-3 | 1250 | ഐസക് മോഹൻ, സെക്രട്ടറി | 11602180194/ 8.4.16 |
| 2015-16 | 3-3 എ | 2307 | പൗലോസ്, നയന പ്രിന്റേഴ്സ് | 11602104055/ 10.1.17 |
| | ആകെ | 33165 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03 ഖണ്ഡിക നം.7 | 2004-05/ 3.7.1.16.1 | ഷോപ്പിംഗ് കോംപ്ലക്സ് കറന്റ് ചാർജ് അടച്ചത്. | ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2001-02 ഖണ്ഡിക നം.5 | 2004-05 / 3.7.1.16.2 | തുകകൾ എഴുതി തള്ളിയത് ക്രമ പ്രകാരമല്ല | ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,16,68,042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,79,66,503 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,13,500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 7,50,000 | ജയ കെ.ആർ.,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-3 | 2,50,000 | ഡോ. എ.കെ റാണി,ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-4 | 80,000 | ഡോ. വിപിൻ മോഹൻ,<br>മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 3-5 | 2,60,000 | സിബിൻ. ഇ.പി.,വി.ഇ.ഒ(കുലയിറ്റിക്കര) |
| 3-10 | 10,73,500 | സുജിത്ത് കരുൺ,സെക്രട്ടറി |
| | 4,00,000 | ഖദീജ.കെ.എ.,ഹെഡ്മിസ്ട്രസ്സ് |
| ആകെ | 28,13,500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി.(1)1339/98/12.11.98 |
| 1997-98 | എൽ.എഫ്.ഇ.പി.(2)82/99 |
| 1998-99 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ.പി.(4)1142/99/7.9.2000 |
| 1998-99 (പദ്ധതി യിതര ചെലവ്) | എൽ.എഫ്.ഇ.പി.(4)1142/99/7.9.2000<br>എൽ.എഫ്.ഇ.പി 380/2000 /8.12.2000 |
| 1999-00 | എൽ.എഫ്.ഇ.പി.(3)1258/01/ 8.10.2002 |
| 2000-01 | എൽ.എഫ്.ഇ.പി.(4)60/03/ 1.9.2003 |
| 2002-03 | എൽ.എഫ്.ഇ.പി. (4)637/04/ 10.2.2005/3.3.05 |
| 2004-05 | എൽ.എഫ്.ഇ.പി.(6)1263/09 / 27.11.2010 |
| 2005-06 | എൽ.എഫ്.ഇ.പി.(6) 1264/ 09/ 4.12.2010 |
| 2006-07 | എൽ.എഫ്.ഇ.പി.(6)1265/09 /4.12.2010 |
| 2007-08 | എൽ.എഫ്.ഇ.പി.(6)1266/09/ 4.12.2010 |
| 2008-09 | എൽ.എഫ്.ഇ.പി.( 6) 1661/11/ 21.7.12 / 10.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.( 6)1671/2011/ 21.7.12/ 10.8.12 |
| 2010-11 & 2011-12 | എൽ.എഫ്.ഇ.പി.( 6)813/13/ 22.6.13/ 5.7.13 |
| 2012-13 | എൽ.എഫ്.ഇ.പി.( 6)489/ 14/ 17.5.14 |
| 2013-14 & 2014-15 | എൽ.എഫ്.ഇ.പി.(6)1987/2015/8.1.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി. 6) 1900/2016/30.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി.6)1406/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 27.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P.6)1406/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 27.07.2017

Certified that I have audited the Annual Financial Statement of Amballur Grama Panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Amballur Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director